## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5097** **14-03-2023 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് മേഖലയിലെ പ്രീ പ്രൈമറി അദ്ധ്യാപകരെ കെ.ഇ.ആർ. പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എയ്ഡഡ് മേഖലയിലെ പ്രീ പ്രൈമറി അദ്ധ്യാപകർക്ക് സർക്കാർ മേഖലയിലെ പ്രീ പ്രൈമറി അദ്ധ്യാപകർക്ക് ലഭിക്കുന്ന യാതൊരു ആനുകൂല്യവും ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ബഹു.ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 07-12-2012 മുതൽ സർക്കാർ സ്കൂളുകളോട് അനുബന്ധിച്ച പ്രവർത്തിക്കുന്ന പ്രീ-പ്രൈമറിയിലെ അദ്ധ്യാപകർക്കും ആയമാർക്കും സർക്കാർ ഓണറേറിയം അനുവദിച്ച് ആയത കാലാകാലങ്ങളിൽ വർദ്ധിപ്പിച്ച് വരുന്നു ബഹു.ഹൈക്കോടതി പ്രീ-പ്രൈമറി വിഭാഗത്തിന് പൊതുനയം രൂപീകരിക്കണം എന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത വിഷയം പരിശോധിക്കുകയും 07.12.2012-ന് ശേഷം സർക്കാർ അനുമതി ഇല്ലാതെ പ്രീ-പ്രൈമറി വിഭാഗം ആരംഭിക്കരുതെന്ന് സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. സർക്കാർ സ്കൂളുകളിലേയ്ക്ക് കുട്ടികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി ട കാലാവധിയ്ക്ക് ശേഷം സർക്കാർ അനുമതി ഇല്ലാതെ ആരംഭിച്ച പ്രീ-പ്രൈമറിയിലെ അദ്ധ്യാപകർക്കും ആയമാർക്കും ഓണറേറിയം അനുവദിക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചു.<br><br>ഇതേ സാഹചര്യത്തിൽ എയ്ഡഡ മേഖലയിൽ ആരംഭിച്ച പ്രീ-പ്രൈമറി വിഭാഗത്തിലെ അദ്ധ്യാപകർക്കും ആയമാർക്കും യഥാക്രമം 5,000/-, 3,500/- രൂപ ബന്ധപ്പെട്ട അധികാരികൾ നൽകുന്നത ഉറപ്പുവരുത്തുന്നതിന് സർക്കാർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് എയ്ഡഡ് സ്കൂൾ | (ബി) | |

| | | | |
|---|---|---|---|
| | പ്രീ പ്രൈമറി അദ്ധ്യാപകരെ കെ.ഇ.ആർ. ന്റെ പരിധിയിൽ കൊണ്ടുവന്ന് സർക്കാർ മേഖലയിലെ പ്രീ പ്രൈമറി അദ്ധ്യാപകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ? | | ബഹു.ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 07-12-2012 മുതൽ സർക്കാർ സ്കൂളുകളോട് അനുബന്ധിച്ച പ്രവർത്തിക്കുന്ന പ്രീ-പ്രൈമറിയിലെ അദ്ധ്യാപകർക്കും ആയമാർക്കും സർക്കാർ ഓണറേറിയം അനുവദിച്ച് ആയത കാലാകാലങ്ങളിൽ വർദ്ധിപ്പിച്ച് വരുന്ന ബഹു.ഹൈക്കോടതി പ്രീ-പ്രൈമറി വിഭാഗത്തിന് പൊതുനയം രൂപീകരിക്കണം എന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത വിഷയം പരിശോധിക്കുകയും 07.12.2012-ന് ശേഷം സർക്കാർ അനുമതി ഇല്ലാതെ പ്രീ-പ്രൈമറി വിഭാഗം ആരംഭിക്കരുതെന്ന് സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. സർക്കാർ സ്കൂളുകളിലേയ്ക്ക് കുട്ടികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി ട കാലാവധിയ്ക്ക് ശേഷം സർക്കാർ അനുമതി ഇല്ലാതെ ആരംഭിച്ച പ്രീ-പ്രൈമറിയിലെ അദ്ധ്യാപകർക്കും ആയമാർക്കും ഓണറേറിയം അനുവദിക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചു.<br><br>ഇതേ സാഹചര്യത്തിൽ എയ്ഡഡ മേഖലയിൽ ആരംഭിച്ച പ്രീ-പ്രൈമറി വിഭാഗത്തിലെ അദ്ധ്യാപകർക്കും ആയമാർക്കും യഥാക്രമം 5,000/-, 3,500/- രൂപ ബന്ധപ്പെട്ട അധികാരികൾ നൽകുന്നത ഉറപ്പുവരുത്തുന്നതിന് സർക്കാർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ